ഭാഗമായി പെരിഫെറൽ ഹോസ്പിറ്റൽ നന്നാക്കുന്നതിനുള്ള ചില കാര്യങ്ങളുമായി മുമ്പോട്ടുപോയി. ആ പെരിഫെറൽ ഹോസ്പിറ്റലുകൾ അന്നത്തെ സിസ്റ്റമനുസരിച്ച് ഇപ്പോഴും നന്നായി നടക്കുന്നുണ്ട്. ചിലത് ഇതിന്റെ സ്റ്റാൻഡേർഡിലേക്കു വന്നിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 1888-ൽ സ്ഥാപിതമായ 337 കിടക്കകളുള്ള പേരൂർക്കട ഗവണ്മെന്റ് ആശുപത്രിയെ 16-11-2004-ൽ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ജില്ലാ ആശുപത്രിയുടെ പദവിയിലേക്ക് ഉയർത്തുന്നതിനുവേണ്ടി തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള ശുപാർശകൾ 25-8-2005-ന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. മേൽപ്പടി ശുപാർശ സർക്കാർ പരിശോധിച്ച് വരികയാണ്. കൂടാതെ മുഴുവൻ സമയവും അത്യാഹിതവിഭാഗം പ്രവർത്തിപ്പിക്കുന്നതിനായി 16-ൽ അധികം തസ്തികകൾ സൃഷ്ടിക്കാനുള്ള ശുപാർശ 27-8-2005-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. ഗവൺമെന്റിന്റെ ധനസ്ഥിതി ആണ് പ്രധാന പ്രശ്നം. അതിന്റെ പരിമിതിക്കകത്തു നിന്നുകൊണ്ട് ആകുന്ന എല്ലാ സഹായങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

(5) കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. എൻ. രാജൻ: സർ, എന്റെ മണ്ഡലത്തിലെ കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വളരെ ശോചനീയാവസ്ഥയിലാണ്. അവിടെ ആശുപത്രി വികസന സമിതിയൊന്നും കൂടാറില്ല. അവിടെ ഡോക്ടർമാരുടെ സ്ട്രെങ്ത് ആറാണ്. അതിൽ മൂന്ന് പേർ ഹയർ സ്റ്റഡീസിനു പോയി. അവശേഷിക്കുന്ന മൂന്ന് പേരിൽ ഒരാളെ പി.എച്ച്. സെന്ററിലേയ്ക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്. പിന്നെ രണ്ട് പേരാണുള്ളത്. അവിടെ നൂറുകണക്കിനു രോഗികൾ ദിവസവും വന്നുപോകാറുണ്ട്. ആവശ്യത്തിനു മരുന്നോ സ്റ്റാഫോ മറ്റ് സഹായങ്ങളോ ഒന്നുമില്ലാത്ത, വളരെ ശോചനീയാവസ്ഥയിൽ ഉള്ള ഈ ആശുപത്രിയെ കാഷ്വാലിറ്റി സർവ്വീസുള്ള ആശുപത്രിയാക്കണം. അവിടെ കാൾ ഡ്യൂട്ടി സർവ്വീസുണ്ടെന്നാണ് പറയുന്നത്. എന്നാൽ അതിനുള്ള ഡോക്ടർമാർ അവിടെയില്ല. അതിനെ ഒരു കാഷ്വാലിറ്റി സർവ്വീസ് ആക്കണമെങ്കിൽ എട്ട് ഡോക്ടർമാരുടെ പ്രാതിനിധ്യം വേണം. രണ്ട് ഡോക്ടർമാരെക്കൂടി നിയമിച്ച്, ഡേ ആന്റ് നൈറ്റ് സർവ്വീസുള്ള, കാഷ്വാലിറ്റി സർവ്വീസുള്ള ഒരു ആശുപത്രിയാക്കി അതിനെ ഉയർത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിലവിൽ ആറ് ഡോക്ടർമാരുടെ തസ്തികയാണുള്ളത്. ഇതിൽ രണ്ട് സിവിൽ സർജന്മാരും നാല് അസിസ്റ്റന്റ് സർജന്മാരുമുൾപ്പെടെ ആറ് പേർ ജോലി ചെയ്തു വരുന്നുണ്ട്. ഒരു ഗൈനക്കോളജിസ്റ്റ്, ഒരു ഇ.എൻ.റ്റി. സർജൻ, ഒരു ഒഫ്താൽമോളജി സ്പെഷ്യലിസ്റ്റ് എന്നിവർ ഉൾപ്പെടുന്ന ഈ സ്ഥാപനത്തിൽ ദിവസവും 300 രോഗികൾ ഒ.പി. വിഭാഗത്തിൽ വരുന്നുണ്ട്. ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ള 52 കിടക്കകളുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇൻപേഷ്യന്റ് വിഭാഗത്തിലും രോഗികൾ ഉണ്ട്. അത്യാവശ്യ മരുന്നുകളെല്ലാം തന്നെ ലഭ്യമാണ്. ഒരു ലാബ് ടെക്നീഷ്യന്റെ ഒഴിവുള്ളതു നികത്താൻ നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ : സർ, മുപ്പത് ലക്ഷത്തിലേറെ മലയാളികൾ ഗൾഫ് രാജ്യങ്ങളിലുണ്ട്. അവരിൽ ഭൂരിപക്ഷവും ചെറിയ വരുമാനക്കാരാണ്. 36,000 കോടി രൂപ എൻ.ആർ.ഐ. നിക്ഷേപം ബാങ്കിലുള്ളതാണ്. പ്രതിവർഷം 28,000 കോടി രൂപ പ്രവാസികൾ നമ്മുടെ നാട്ടിലേക്ക് അയയ്ക്കുകയാണ്. നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയെ സംരക്ഷിക്കുന്നത് ഈ പണമാണെന്ന് പറയാം. എന്നാൽ പ്രവാസികൾക്ക് ഗൾഫ് രാജ്യങ്ങളിൽ നരകതുല്യമായ ജീവിതമാണുള്ളത്. അവർക്ക് അവിടെവച്ച് മരണം സംഭവിച്ചാൽ മൃതദേഹം നാട്ടിലെത്തിക്കാൻ മാസങ്ങളോളം സമയമെടുക്കുകയാണ്. ഈയിടെ എന്റെ നിയോജകമണ്ഡലത്തിൽ പെരളശ്ശേരി കൃഷ്ണാലയത്തിൽ പി. എം. പ്രകാശൻ സൗദി അറേബ്യയിൽ വച്ച് മരണപ്പെട്ടു. അത് കൊലപാതകമായിരുന്നു. ആറ് മാസമായിട്ടും മൃതദേഹം നാട്ടിലെത്തിച്ചില്ല. വിദേശകാര്യ വകുപ്പുമന്ത്രിയാകട്ടെ കഴിഞ്ഞ മാസം ജനുവരിയിൽ 30 മൃതദേഹങ്ങൾ നാട്ടിലേക്കെത്തിക്കുമെന്ന് പത്രക്കാരോട് പറഞ്ഞു. ആ വിവരം മാധ്യമങ്ങളിൽ വന്നതിനെത്തുടർന്ന് ബന്ധുക്കൾ ഡൽഹിയിൽ നിന്നും ഗുജറാത്തിൽ നിന്നുമൊക്കെ വീട്ടിലേക്ക് പ്രവഹിച്ചു. യഥാർത്ഥത്തിൽ മൃതദേഹം അന്ന് വന്നില്ല. നാട്ടുകാരും ബന്ധുക്കളുമെല്ലാം ചേർന്ന് കളക്ടറേറ്റിനു മുന്നിൽ ഉപവാസം അനുഷ്ടിക്കേണ്ടിവന്നു. എനിക്കും ആ സമരത്തിൽ ആ ദിവസം പങ്കാളിയാകേണ്ടിവന്നു. ഇത്തരത്തിൽ അധികൃതരുടെ കുറ്റകരമായ അനാസ്ഥയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ആ സമരം നടന്നതിനുശേഷമാണ് മൃതദേഹം നാട്ടിലേക്ക് എത്തിയത്. സൗദി അറേബ്യയിൽ മാത്രം ഇപ്പോൾ 102 മൃതദേഹങ്ങൾ മോർച്ചറിയിൽ കിടക്കുകയാണ്. സ്പോൺസർമാർ മുങ്ങിക്കഴിഞ്ഞാൽ മൃതദേഹം കൊണ്ടുവരാൻ കഴിയില്ലെന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. 2447 പേർ ഇപ്പോൾ ജയിലുകളിൽ കഴിയുകയാണ്. ചില കമ്പനികളാകട്ടെ ശമ്പളം പോലും കൊടുക്കുന്നില്ല. ആയിരക്കണക്കിനാളുകൾ ഇപ്പോൾ ശമ്പളം ലഭിക്കാതെ ദുരിതത്തിലാണ്. നിസ്സാര കാരണങ്ങൾ കൊണ്ടാണ് ചിലർ ജയിലിൽ അകപ്പെട്ടത്. തദ്ദേശവാസികൾക്ക് ഗൾഫിൽ എന്തെങ്കിലും സംഭവിച്ചാൽ അതിന് പ്രാകൃത ശിക്ഷ ഉറപ്പാണ്. കഴിഞ്ഞ ഒരു മാസം മുൻപാണ് നൗഷാദിന്റെ കണ്ണ് ചൂഴ്ന്നെടുക്കാനുള്ള ശിക്ഷ വിധിച്ചത്. അതിൽ ഗവൺമെന്റ് ഇടപെട്ടു. ഗവൺമെന്റ് തലത്തിൽ ചർച്ചകൾ നടന്നപ്പോൾ ശിക്ഷയിൽ മാറ്റം വരുത്താൻ അവർ തയ്യാറായി. എന്തെങ്കിലും സഹായം മലയാളികൾക്ക് ചെയ്തുകൊടുക്കാൻ യഥാർത്ഥത്തിൽ നാഥനില്ല. വിദേശകാര്യ വകുപ്പുമന്ത്രിയും പ്രവാസികാര്യക്ഷേമ വകുപ്പും എംബസ്സിയും ഫലപ്രദമായി പ്രവർത്തിച്ചാൽ പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിയുന്നതാണ്. ഗൾഫിൽ നിന്നും ഇവർ തിരിച്ചെത്തിക്കഴിഞ്ഞാൽ പലരും

LIBRARY ARCHIVES Kerala Legislative Assembly